**SUNDAY** 21-08-2022 **ഞായറാഴ്ച**

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : Suraj S. Editor : Dr. Saritha Vijayan K.

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-21/08/2022.

1. ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് മന്ത്രിയും കൃഷിവകുപ്പിലെ സംസ്ഥാനതല ഉദ്യോഗസ്ഥരും സംസ്ഥാനത്തെ കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വിവിധ കാർഷിക മേഖലകളിൽ കർഷകരോട് സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിനായി **കൃഷിദർശൻ** എന്ന പരിപാടിക്ക് തുടക്കം കുറിച്ചു. ഈ സാമ്പത്തിക വർഷം 28 ബ്ലോക്കുകളിലായിരിക്കും പരിപാടി നടത്തുക. ഒരു ജില്ലയിൽ ഒന്ന് എന്ന ക്രമത്തിൽ ജില്ലാതല പരിപാടിയായി ഒന്നാം ഘട്ടവും ജില്ലയിൽ ഒന്ന് എന്ന കണക്കിൽ ബ്ലോക്ക് തല പരിപാടിയായി രണ്ടാം ഘട്ടവും ഈ വർഷം നടക്കും. മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന പരിപാടിയായാണ് കൃഷി വകുപ്പ് മന്ത്രിയുടെ കൃഷിദർശൻ പരിപാടി ആസൂത്രണം ചെയ്തിരിക്കുന്നത്. മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന കാർഷിക-ഭക്ഷ്യ ശാസ്ത്രസാങ്കേതിക എക്സിബിഷൻ കൃഷിദർശന്റെ ഭാഗമായി അതാതു ബ്ലോക്കുകളിൽ ഉണ്ടാകും. കൃഷിദർശൻ പരിപാടി നടക്കുന്ന ജില്ലയിലെ എല്ലാ കൃഷി ഉദ്യോഗസ്ഥരെയും അന്നേദിവസം കൃഷി വകുപ്പ് മന്ത്രി നേരിട്ട് കണ്ടു പദ്ധതി പുരോഗതി വിലയിരുത്തുകയും ജില്ലയിലെ കാർഷിക മേഖലയിലെ സാധ്യതകൾ, ഞങ്ങളും കൃഷിയിലേക്ക്, കൃഷി കൂട്ടങ്ങളുടെ സ്ഥിതി, കാർഷിക പ്രശ്നങ്ങൾ, നടത്തിപ്പു പ്രശ്നങ്ങൾ എന്നിവ അവലോകനം ചെയ്യുകയും ചെയ്യും. ജില്ലയിലെ കർഷകരെ മന്ത്രി നേരിട്ട് കേട്ട് പ്രശ്നങ്ങൾ മനസ്സിലാക്കുന്ന കാർഷിക അദാലത്തും നടത്തും. പരിപാടിയുടെ ഭാഗമായി ബ്ലോക്കിലെ ഒരു പഞ്ചായത്ത് കേന്ദ്രമാക്കി മന്ത്രിയുടെ **ഞങ്ങളും കൃഷിയിലേക്ക്- ഗൃഹസന്ദർശനം, ഒരു കർഷക ഭവനം കേന്ദ്രീകരിച്ച് 'ഭവന കൂട്ടായ്മ', കാർഷിക സാംസ്കാരിക പരിപാടികൾ** എന്നിവയുമുണ്ടാകും. ബ്ലോക്കിലെ ഒരു പഞ്ചായത്തിനെ മാതൃക ഹരിത പോഷക ഗ്രാമമായും ജില്ലയിലെ ഒരു കൃഷിഭവനെ SMART കൃഷിഭവനായും പ്രഖ്യാപിക്കുന്ന പരിപാടിയും ഇതോടൊപ്പം ഉണ്ടാകും. ഏറ്റവും നല്ല പ്ലാന്റ് ഹെൽത്ത് ക്ലിനിക്, ഏറ്റവും നല്ല കർഷക /കർഷകൻ/ കുട്ടിക്കർഷകൻ ഏറ്റവും നല്ല ഹരിത സ്കൂൾ, മാധ്യമ റിപ്പോർട്ടിംഗ്, നവീന കൃഷിരീതി കർഷകൻ, കർഷക സൗഹൃദ ബാങ്ക്, ഏറ്റവും നല്ല IFS ജൈവ പ്ലോട്ട്, ഏറ്റവും നല്ല PACS എന്നിവയ്ക്കും പുരസ്കാരം നൽകുന്നതായിരിക്കും

2. മണ്ണു പര്യവേക്ഷണ മണ്ണു സംരക്ഷണ വകുപ്പിന്റെ സംസ്ഥാനതല പരിശീലന സ്ഥാപനമായ ചടയമംഗലം നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രത്തിൽ ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ 2022 വർഷത്തേക്കുള്ള **വാട്ടർഷെഡ് മാനേജ്മെന്റി**ലുള്ള ഒരു വർഷ ഡിപ്ലോമ കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. പ്ലസ്ടു / തത്തുല്യയോഗ്യത അല്ലെങ്കിൽ ബി.പി.പി.ആണ് യോഗ്യത. 10600 രൂപയാണ് കോഴ്സിന്റെ ഫീസ്. അപേക്ഷകൾ ഈ മാസം 25-ന് (ആഗസ്റ്റ് 25) മുമ്പായി http://www.ignou.ac.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം മണ്ണു പര്യവേക്ഷണ മണ്ണു സംരക്ഷണ ഡയറക്ടറേറ്റിലെ **0471 2339899** എന്ന ഫോൺ നമ്പരിലോ, സംസ്ഥാന നീർത്തട വികസന പരിപാലന വികസന പരിശീലന കേന്ദ്രത്തിലെ **0474-2476020, 2475051, 9446446632, 9567305895** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

3. ആറളം ഫാം സെൻട്രൽ നേഴ്സറിയിലും ഇരിട്ടിയിലുള്ള തണൽ മിനി സൂപ്പർ മാർക്കറ്റിലും കശുമാവിന്റ അത്യുൽപ്പാദന ശേഷിയുള്ള ഗ്രാഫ്റ്റുകൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ധന, പ്രിയങ്ക, കനക, സുലഭ, വെങ്കർല 7 എന്നീ ഇനങ്ങൾ 50 രൂപ നിരക്കിൽ ലഭിയ്ക്കും. ആവശ്യക്കാർ **8281982312, 9447007402** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

**4.** കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുള്ള പച്ചക്കറിയിനങ്ങളുടെ വിത്ത് മണ്ണുത്തിയിലുള്ള ATIC സെയിൽസ് കൗണ്ടറിൽ വിൽപനയ്ക്കുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **0487 2370540, 04872 371340** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

5. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഈ മാസം 24-ന് (ആഗസ്റ്റ് 24) **മഴക്കാല പച്ചക്കറികൃഷി** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0496 – 2966041** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. കാർഷിക സർവകലാശാല, ഹൈടെക്ക് റിസേർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റ്, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ വെച്ച് **ആഗസ്റ്റ് 23 മുതൽ 25 വരെ അക്വാപോണിക്സ് കൃഷിരീതിയിൽ** പരിശീലനം നടത്തുന്നു. വിവിധ തരം അക്വാപോണിക്സ് സിസ്റ്റം-രൂപകൽപ്പനകൾ, നിർമ്മാണം,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രവർത്തന-ഉപയോഗ-പരിപാലന രീതികൾ, വാട്ടർ ക്വാളിറ്റി ടെസ്റ്റിംഗും, നിയന്ത്രണ മാർഗങ്ങളും, വളപ്രയോഗ മാർഗങ്ങൾ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം എന്നീ വിഷയങ്ങളിൽ ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും **0487-2960079, 9037033547** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

7. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിച്ചുവരുന്ന പരിശീലന കേന്ദ്രത്തിൽ ഈ മാസം (ആഗസ്റ്റ്) **24,25 തീയതികളിൽ മുട്ടക്കോഴി വളർത്തൽ, 26-ന് കാടവളർത്തൽ, 29,30 തീയതികളിൽ പശുവളർത്തൽ** തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0479-2457778, 0479-2452277** എന്നീ ഫോൺ നമ്പരുകളിൽ പ്രവർത്തി ദിവസങ്ങളിൽ ബന്ധപ്പെടുക.

8. **കാർഷിക നിർദ്ദേശങ്ങൾ**

നട്ട് നാലു മാസം പ്രായമായ പാളയൻ കോടൻ വാഴയ്ക്ക് യൂറിയ, മസ്സൂറിഫോസ്, മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നീ രാസവളങ്ങൾ യഥാക്രമം 110, 278, 335 ഗ്രാം വീതവും നേന്ത്രനല്ലാത്ത മറ്റിനങ്ങൾക്ക് 200, 500, 300 ഗ്രാം വീതവും നൽകുക. ഇലപ്പുള്ളി രോഗത്തിന്റെ ലക്ഷണം കണ്ടാലുടൻ രോഗം കൂടുതലുള്ള ഇലകൾ മുറിച്ച് മാറ്റി നശിപ്പിക്കുന്നത് രോഗം പടരാതിരിക്കാൻ സഹായിക്കും. പിന്നീട് സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഇലകളുടെ രണ്ടു ഭാഗത്തും വീഴത്തക്കവണ്ണം തളിക്കണം. രോഗം രൂക്ഷമാണെങ്കിൽ രോഗബാധയേറ്റ ഇലകൾ വെട്ടി മാറ്റിയ ശേഷം ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം അല്ലെങ്കിൽ 'ബാവിസ്റ്റിൻ' എന്ന കുമിൾ നാശിനി 1 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയത് എന്നിവയിലൊന്ന് ഇലയുടെ രണ്ടു വശത്തും വീഴത്തക്കവണ്ണം തളിച്ചു കൊടുക്കുക.